**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1506** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം താലൂക്കിലെ റീസർവ്വെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 13 വില്ലേജുകൾ ഉൾപ്പെടുന്ന കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ ഒഴികെ 12 താലൂക്കിലും റീസർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നൂറ് വർഷത്തോളം പഴക്കമുള്ളതും തിരുവിതാംകൂർ രാജാവിന്റെ കാലത്ത് തയ്യാറാക്കിയിട്ടുള്ളതുമായ റെക്കോഡുകളാണ് റീസർവ്വെ പൂർത്തീകരിക്കാത്ത 12 വില്ലേജുകളിലും നിലവിലുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 911 വില്ലേജുകളിൽ മാത്രമാണ് റീസർവ്വെ പൂർത്തിയാക്കിയിട്ടുള്ളത്. റീസർവ്വെ പൂർത്തിയാകാത്ത വില്ലേജുകളിൽ ലഭ്യമായ ഓൾഡ് സർവ്വെ റിക്കാർഡുകൾ പ്രകാരമാണ് റവന്യൂ ഭരണം നടത്തിവരുന്നത്. |
| (സി) | റീസർവ്വെ പൂർത്തീകരിക്കാത്തതിനാൽ ഭൂമിയുമായി ബന്ധപ്പെട്ട് പലതരത്തിലുമുള്ള ബുദ്ധിമുട്ടുകൾ സ്ഥലമുടമകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | റീസർവ്വെ പൂർത്തിയാകാത്ത വില്ലേജുകളിൽ എല്ലാ ഭൂമികളുടെയും മാപ്പുകൾ ലഭ്യമല്ലാത്തതാണ്. ഭൂവുടമസ്ഥർക്ക് വിവിധ ആവശ്യങ്ങൾക്കായി തങ്ങളുടെ ഭൂമി ഈട് വച്ച് സാമ്പത്തിക ആവശ്യങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നേടുന്നതിന് നാളതീകരിച്ച മാപ്പ് ആവശ്യമാണ്. ഇത്തരത്തിൽ റീസർവ്വെ റിക്കാർഡുകൾ ലഭ്യമല്ലാത്ത വില്ലേജുകളിൽ പലതരത്തിലുമുള്ള ബുദ്ധിമുട്ടുകൾ സ്ഥലമുടമകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാലാണ് സംസ്ഥാനത്ത് 4 വർഷക്കാലം കൊണ്ട് പൂർത്തീകരിക്കുന്ന ഡിജിറ്റൽ റീസർവ്വെ നടപടികൾക്ക് സർക്കാർ തുടക്കം കുറിക്കുന്നത്. 807.98 കോടി രൂപയുടെ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി ആദ്യ ഘട്ടത്തിനായി 339.438 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിജിറ്റൽ റീസർവ്വെ പൂർത്തിയാകുന്നതോടെ ഇത്തരം ബുദ്ധിമുട്ടുകൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |
| (ഡി) | നിലവിൽ റീസർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന | (ഡി) | സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും സർവ്വെ റിക്കാർഡുകൾ കാലഘട്ടത്തിനനുസൃതമായി |

| | | | |
|---|---|---|---|
| | ഡിജിറ്റൽ ഡ്രോൺ സർവ്വെയിൽ ഉൾപ്പെടുത്തി കോതമംഗലം താലൂക്കിലെ റീസർവ്വെ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | | ഓൺലൈൻ സേവനം സാധ്യമാക്കുന്നതിന് ഡിജിറ്റൽ സർവെ പൂർത്തിയായ 89 വില്ലേജുകളും, ഡിജിറ്റൽ സർവെ പുരോഗതിയിലുള്ള 27 വില്ലേജുകളും ഒഴിവാക്കി  ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്കിലെ വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ  തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ പല്ലാരിമംഗലം വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ സർവെയുടെ രണ്ടാംഘട്ടത്തിൽ ടി താലൂക്കിൽ നിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തി റീസർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ